(ബി) പദ്ധതിയുടെ മുതൽമുടക്ക് 6790 ലക്ഷം രൂപയാണ്. 6 MW വൈദ്യുതിയാണ് ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റെയും റാന്നി-പെരിനാട് 33 കെ.വി. സബ്സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, പെരിനാട്, റാന്നി, റാന്നി - പഴവങ്ങാടി, റാന്നി-അങ്ങാടി എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി) വർഷത്തിൽ എല്ലാ മാസവും ഇവിടെ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയില്ല. ജനുവരി മുതൽ മേയ് മാസം വരെ വൈദ്യുതി ഉൽപ്പാദനം പ്രതീക്ഷിക്കുന്നില്ല. റൺ ഓഫ് റിവർ പദ്ധതിയായതിനാൽ ഈ മാസങ്ങളിൽ വൈദ്യുതി ഉൽപ്പാദനത്തിന് ആവശ്യമായ ജലം നദിയിൽ ഉണ്ടാകാനിടയില്ല.

കല്ല്യാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസ്

48 (2286) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസുകളിലും എത്ര ഉപഭോക്താക്കളാണുള്ളത് ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്; പ്രസ്തുത അപേക്ഷകർക്ക് എപ്പോഴേക്ക് കണക്ഷൻ ലഭ്യമാക്കാൻ കഴിയും ;

(സി) അപേക്ഷ നൽകി എത്ര ദിവസത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയും ;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിശദാംശം താഴെ ചേർക്കുന്നു,

കുഞ്ഞിമംഗലം	-	8470
മാതമംഗലം	-	5912
പഴയങ്ങാടി	-	20976
ധർമ്മശാല	-	4225
മാടായി	-	10981
പരിയാരം	-	400
ചെറുകുന്ന്	-	15239

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5-12-2014-ലെ കണക്കുപ്രകാരം പ്രസ്തുത സെക്ഷനുകളിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി 11 ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്. ടി കണക്ഷനുകൾ 10 ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായ അപേക്ഷ ലഭിച്ച് 7 ദിവസപരിധിക്കുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസപരിധിക്കുള്ളിൽ "വെതർ പ്രൂഫ് കണക്ഷനുകളും, 1 കി.മീറ്റർ വരെയുള്ള ഓവർ ഹെഡ് ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു.

(ഡി) 25,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ/50 ചതുരശ്ര കിലോ മീറ്റർ അഥവാ 20,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ/100 ചതുരശ്ര കിലോ മീറ്റർ എന്നതിൽ കൂടുതൽ ഉപഭോക്താക്കൾ/വിസ്തൃതി ഉള്ള സെക്ഷനുകളാണ് ഇപ്പോൾ വിഭജനത്തിനായി പരിഗണിച്ചു വരുന്നത്. പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, പരിയാരം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ മേൽ സൂചിപ്പിച്ച മാനദണ്ഡത്തിൽ ഉൾപ്പെടുന്നതല്ല. ആയതിനാൽ പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി

49 (2287) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രപൂളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത് ; ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്; അനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും കൊണ്ടുവരുന്നതിന് ആവശ്യമായ ഗ്രിഡ് സംവിധാനം നിലവിലുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണ് ?

ഉത്തരം

1344.62 മെഗാവാട്ട്. ഇപ്പോൾ ശരാശരി 1100 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ശേഷി നിലവിലുള്ള ഗ്രിഡിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly